# *IHEP GHS KULAMAVU*



# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

## ഉള്ളടക്കം


* ആമുഖം
*ചരിത്രം
*വിദ്യാലയം ഇന്ന്
* അടിസ്ഥാന വിവരങ്ങൾ
* അധ്യാപക -അനധ്യാപക എണ്ണം
കുട്ടികളുടെ എണ്ണം
*പൊതുലക്ഷ്യങ്ങൾ
*അക്കാദമികം നേട്ടങ്ങൾ പരിമിതികൾ
*ക്ലബുകൾ-ചുമതലകൾ
*വിദ്യാലയ വികസന കാഴ്ച്ചപ്പാട്
*അക്കാദമിക രൂപരേഖ .
(യു .പി, ഹൈസ്കൂൾ തലം)
*ഉപസംഹാരം

# ആമുഖം

ഇടുക്കി ജില്ലയിലെ അറക്കുളം പഞ്ചായത്തിലെ നാലാം വാർഡിലാണ് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്നത്. ഇടുക്കി ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിനോടനുബന്ധിച്ച് 1961-ൽ ആണ് സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്.

ഈ പ്രദേശത്തിന്റെ സാമൂഹികവും സാംസ്കാരികവും വിദ്യാഭ്യാസപരവുമായ ഉന്നമനത്തിന് ഈ സ്ഥാപനം നിർണ്ണായകമായ സ്ഥാനം വഹിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്ന ഈ അധ്യയന വർഷത്തിൽ ഈ വിദ്യാലയവും മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക് മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിരിക്കുന്നത്.വിദ്യാർത്ഥികളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് നേതൃത്വം നൽകുന്ന വിദ്യാലയമായി നിലകൊള്ളുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം.

പി.ടി. എ പ്രസിഡന്റ് — ഹെഡ്മിസ്ട്രസ്

ജോമോൻ റ്റി തച്ചിലേടത്ത് — ജാസ്മിൻ ജോസഫ്

# ചരിത്രം

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണവുമായി ഈ സ്കൂളിന്റെ ചരിത്രം അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.ഈ ജലവൈദ്യുത പദ്ധതിക്കായി ഡാം പണിക്കെത്തിയ ആളുകളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 1961-ൽ ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ചതാണ് ഈ സ്കൂൾ.ശ്രീ ഒ കെ രാമനാഥനായിരുന്നു സ്കൂളിന്റെ ആദ്യചുമതല.ഡാം പണി തീർന്ന് ജോലിക്കാർ സ്ഥലം മാറിയപ്പോൾ ഗവൺമെന്റ് നിയന്ത്രണത്തിലാക്കിയ സ്കൂളിന്റെ പേര് ഐ എച്ച് ഇ പി ഗവൺമെന്റ് സ്കൂൾ എന്നാക്കി മാറ്റി. ഹൈസ്കൂൾ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ജനങ്ങൾക്ക് ഉണ്ടായതിന്റെ ഫലമായി നിരന്തര അപേക്ഷ പരിഗണിച്ച് 1981-ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്തു. അന്ന് കേരള ഗവർണർ ആയിരുന്ന ജ്യോതി വെങ്കിടാചലമാണ് ഹൈസ്കൂളിനായി കെ. എസ് .ഇ .ബി സ്ഥലം വിട്ടുകൊടുക്കാൻ ഉത്തരവിട്ടത്.

വികസന പാതയിൽ അതിവേഗം മുന്നേറിക്കൊണ്ടിരിക്കുന്ന ഈ പ്രദേശത്തിന്റെ ചാലകശക്തിയായി ഈ വിദ്യാപീഠം ഇന്നും ശോഭിക്കുന്നു. കെ .എസ് ഇ .ബി ബോർഡിന്റെ വക അഞ്ച് ഏക്കറോളം സ്ഥലവും നാലുകെട്ടിടങ്ങളുമാണ് സ്കൂളിന് ഉണ്ടായിരുന്നത്.കുളമാവിൽ ചുറ്റുവട്ടത്തുള്ള ആദിവാസി മേഖലയായ നാടുകാണി ,കോഴിപ്പള്ളി, വലിയമാവ്,, ചക്കിമാലി തുടങ്ങിയ പ്രദേശങ്ങളിലെയും പോത്തുമറ്റം മുത്തിയുരുണ്ടയാർ കലംകമഴ്ത്തി എന്നി പ്രദേശങ്ങളിലെയും ഏക ആശ്രയമാണ് ഇന്നും ഈ വിദ്യാലയം.

# വിദ്യാലയം ഇന്ന്

സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ 77 കുട്ടികൾ ആണ് ഉള്ളത്. വളരെ ശാന്തസുന്ദരവും പ്രകൃതിരമണീയവുമായ അന്തരീക്ഷമാണ് ഇവിടെ. ഇവിടുത്തെ രക്ഷിതാക്കളിൽ ഭൂരിഭാഗവും സാധാരണക്കാരാണ്.കുളമാവ്, നാടുകാണി, മുത്തിയുരുണ്ടയാർ കോഴിപ്പള്ളി ,പോത്തുമറ്റം, വലിയമാവ് കരിപ്പലങ്ങാട്തുമ്പച്ചി തുടങ്ങിയ സ്ഥല ങ്ങളിൽ നിന്നുള്ള കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ശിശു സൗഹാർദ്ദ ക്ളാസ് മുറികൾ, കിച്ചൺ കം സ്റ്റോർ ,എന്നിവ ഈസ്കൂളിനുണ്ട്. ലാബുകൾ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി സ്കൂൾ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പൊതുവിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കാൻ അധ്യാപക -രക്ഷാകർത്തൃ കൂട്ടായ്മയും ഒത്തുച്ചേരലും ഈ വിദ്യാലയത്തെ മികവുകളിലേക്ക് നയിച്ചിട്ടുണ്ട്. ഈ അധ്യയന വർഷവും എല്ലാ മേഖലയിലും ഗുണമേന്മയുള്ള പ്രവർത്തനങ്ങൾ കാഴ്ച വച്ച് അക്കാദമികവും ഭൗതികവുമായ സാഹചര്യങ്ങൾ മെച്ചപ്പെടുത്തി വിദ്യാലയത്തിന്റെ മികവുകൾ ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടാണ് മാസ്റ്റർ പ്ളാൻ തയ്യാറാക്കിയിരിക്കുന്നത്. PTA, SMC, MPTA SSK എന്നിവരുടെ പൂർണ്ണ സഹായവും പിന്തുണയും ഈ വിദ്യാലയത്തിന് ലഭ്യമാണ്.

*******************

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| ജില്ല | ഇടുക്കി |
| താലൂക്ക് | ഇടുക്കി |
| വില്ലേജ് | ഇടുക്കി |
| പഞ്ചായത്ത് | അറക്കുളം |
| വിദ്യാഭ്യാസ ജില്ല | തൊടുപുഴ |
| ഉപജില്ല | അറക്കുളം |
| ബി ആർ സി | അറക്കുളം |
| സി ആർ സി | ഗവ. ട്രൈബൽ യു .പി സ്ക്കൂൾ കരിപ്പലങ്ങാട് |
| സ്ഥാപിതം | 1961 |
| ക്ലാസുകൾ | 5- 10 |
| ഫോൺ | 04862 259540 |
| മേൽവിലാസം | എ .എച്ച്.ഇ. പി.ജി എച്ച്.എസ് കുളമാവ് കുളമാവ് പി ഒ ഇടുക്കി-685601 |
| ഇ- മെയിൽ | 29057ihep@gmail.com |

## അധ്യാപക -അനധ്യാപക എണ്ണം 2025-26

| വിഭാഗം | അധ്യാപക-അനധ്യാപക എണ്ണം | സ്ഥിരം | താത്ക്കാലികം |
|---|---|---|---|
| യു പി | 3 | 3 | - |
| എച്ച്.എസ് | 6 | 5 | 1 |
| റിസോഴ്സ് ടീച്ചർ | 1 | - | 1 |
| കൗൺസിലർ | 1 | - | 1 |
| ക്ളർക്ക് | 1 | 1 | - |
| ഓഫീസ്അറ്റൻറ് | 2 | 2 | - |
| എഫ്. റ്റി സി എം | 1 | 1 | - |

## കുട്ടികളുടെ എണ്ണം 2025-26

| CLASS | SC | | ST | | OBC | | OEC | | MUSLIM | | OTHER | | TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | BOY | GIRL | |
| V | 3 | 0 | 0 | 0 | 0 | 3 | 2 | 0 | 0 | 0 | 1 | 0 | 9 |
| VI | 2 | 0 | 2 | 1 | 2 | 0 | 4 | 2 | 0 | 0 | 0 | 0 | 13 |
| VII | 2 | 1 | 3 | 1 | 0 | 1 | 3 | 6 | 0 | 0 | 1 | 0 | 18 |
| VIII | 1 | 1 | 2 | 1 | 1 | 0 | 4 | 0 | 0 | 0 | 1 | 2 | 13 |
| IX | 1 | 0 | 3 | 3 | 1 | 2 | 2 | 1 | 0 | 0 | 0 | 0 | 12 |
| X | 1 | 0 | 6 | 1 | 1 | 0 | 1 | 2 | 0 | 0 | 0 | 1 | 12 |
| TOTAL | 10 | 2 | 16 | 7 | 5 | 6 | 16 | 11 | 0 | 0 | 3 | 3 | 77 |

# പൊതു ലക്ഷ്യങ്ങൾ

1.എല്ലാ കുട്ടികളും അതാത് ക്ളാസിൽ നേടേണ്ട പഠനശേഷികൾ നേടി

എന്ന് ഉറപ്പുവരുത്തുക.

2.എല്ലാ കുട്ടികൾക്കും മലയാളം,ഇംഗ്ളീഷ് ,ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

3.ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4.കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം .

5.സയൻസ് ലാബ്, ലൈബ്രറി, കമ്പ്യൂട്ടർ ലാബ് എന്നിവയുടെ നവീകരണം.

6.ക്ലാസ് മുറികൾ ഹൈടെക് ആക്കും. ICT അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കും.

7. എല്ലാ മാസവും ക്ളാസ് ടെസ്റ്റുകൾ നടത്തി ക്ലാസ് പി .ടി. എ ചേർന്ന് കുട്ടികളുടെ പഠന പുരോഗതി രക്ഷിതാക്കളെ അറിയിക്കും.

8. പഠന പിന്തുണ ഉറപ്പാക്കുന്നതിനായി പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കും.

9.കുട്ടികളിലെ കലാ- കായിക ശേഷികൾ വർദ്ധിപ്പിക്കുന്നതിനുള്ള അവസര ങ്ങൾ ഉറപ്പാക്കും.

10.ജൈവ -വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.

11.ഹരിത പെരുമാറ്റച്ചട്ടം, പാലിച്ച് സമ്പൂർണ്ണ പ്ളാസ്റ്റിക് നിരോധനം,ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ്, മലിനജല നിർമ്മാണം തുടങ്ങിയവ കൃത്യമായി നടപ്പാക്കും.

12. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തും.

13.ഭിന്നശേഷികുട്ടികളുടെ പഠനാന്തരീക്ഷം മെച്ചപ്പെടുത്തും.

14. കൃത്യമായ ഇടവേളകളിൽ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിക്കും.

15. ലഹരി വിരുദ്ധ ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും.

****** ****************************

# അക്കാദമികം

## നേട്ടങ്ങൾ

>ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി  കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച്  പരിശീലനം ലഭ്യമാക്കുന്നു.

>  ലൈബ്രറി , ലാബ്  കമ്പ്യൂട്ടർ പഠന സൗകര്യം.

> കായിക-പ്രവൃത്തി പരിചയ പരിശീലനം

>പാഠ്യേതര പ്രവർത്തനങ്ങൾ ,ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.

>കാർഷിക മേഖല-ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു

## പരിമിതികൾ

>  എല്ലാ  കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ സാധിച്ചിട്ടില്ല.

>ലൈബ്രറി , സയൻസ് ലാബ്,  കമ്പ്യൂട്ടർ ലാബ് എന്നിവ പരിമിതമായ സൗകര്യങ്ങളിലാണ് പ്രവർത്തിക്കുന്നത്.

>ICT  അധിഷ്ഠിത പഠനത്തിനായി  പലപ്പോഴും ക്ളാസ് മുറികൾ സജ്ജമല്ലാതെയാകുന്നു

>മികച്ച ഭൗതിക സാഹചര്യങ്ങളുടെ അഭാവം.

>  കുട്ടികളിലെ പൊതുവിജ്ഞാന -പിന്നോക്കാവസ്ഥ.

| വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനുള്ള<br>അനുബന്ധ സംവിധാനങ്ങൾ |
|---|
| എസ്. ആർ ജി |
| പി ടി എ |
| എം പി ടി എ |
| എസ്. എം സി |
| സ്കൂൾ വികസന സമിതി |
| ജാഗ്രതാ സമതി |
| സ്കൂൾ സുരക്ഷാ ഉപദേശക സമിതി |
| സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് |
| എസ്. എസ് .കെ . എൽ എസ് ജി |
| ഉച്ചഭക്ഷണ കമ്മറ്റി |
| പൂർവ്വ അധ്യാപക- വിദ്യാർത്ഥികൾ |
| വിദ്യാവാഹിനി-ഗോത്രസാരഥി |
| വിവിധ ക്ലബുകൾ |
| സ്ററാഫ് കൗൺസിൽ |

2025-2026 അധ്യയന വർഷം

വിവിധ പ്രവർത്തന ചുമതലകൾ

| | ടീച്ചറുടെ പേര് | ചുമതലകൾ |
|---|---|---|
| 1 | ജാസ്മിൻ ജോസഫ് | **HEADMISTRESS** |
| 2 | മിനിമോൾ കെ ഡി HST | SENIOUR ASSISTANT , SITC, IT CLUB, SCHOLARSHIP, SSCLUB, SRADHA,VIDHYAVAHINI,LEP,ICC |
| 3 | പ്രവേഷ് വി ആർ HST | CLASS CHARGE X,JSITC,JAGRATHA SAMITHI,SPG,EXAM,MATHS CLUB |
| 4 | ഖദീജ മജീദ് HST | VIDYARANGAM, LIBRARY, EXAM |
| 5 | സിന്ധു എം ആർ HST | SCIENCE CLUB,JRC,INSPIRE AWARD,YIP,EMC,ECHO CLUB,HEALTH CLUB,NATURECLUB ,CLASS CHARGE VIII |
| 6 | ജിൻസി പി മാനുവൽ HST | SRG, YOUTH FESTIVAL, SEAS, TEENS CLUB, STUDENT SAVINGS SCHEME, SURAKSHA CLUB, CLASS CHARGE IX |
| 7 | അപ്പു ഒ എസ് HST | ENGLISH CLUB,YOUTH FESTIVAL,SPORTS,TOUR, DOCCUMENTATION |
| 8 | ആനി സ്കറിയ UPST | STAFF SECRETARY,TEXT BOOK,SCIENCE CLUB,SUCHITWAM,UP SRG,LEP,CLASS CHARGE VI |
| 9 | പ്രമഞ്ജുള വി ആർ UPST | PSITC,SPORTS,YOUTH FESTIVAL,SSCLUB,CLASS CHARGE V |
| 10 | പീയൂഷ പീതാംബരൻ UPST | NOON MEAL,USS,MATHS CLUB,JAGRATHA SAMITHI,CLASS CHARGE VII |
| 11 | ജൂൺസി ജോർജ്ജ് | COUNSELLING,JAGRATHA SAMITHI,TEENS CLUB,HEALTH CLUB,SPG,DOCCUMENTATION |
| 12 | ആൻസി | ART, WORK |
| 13 | മിന്നു | RESOURCE GROUP |

# വികസന ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

*എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
*ആശയവിനിമയ ശേഷി നേടി എന്ന് ഉറപ്പുവരുത്തുക
*സാഹിത്യ അഭിരുചി വളർത്തുക
*സർഗ്ഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുക
*വായനാ ശീലം വളർത്തുക
* അധുനിക വിദ്യാഭ്യാസ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
*സ്പോക്കൺ ഇംഗ്ളീഷ്, സ്പോക്കൺ ഹിന്ദി ക്ളാസുകൾ നൽകുക.

## ശാസ്ത്ര പഠനം

*ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക.
*ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
*ശാസ്ത്ര പ്രക്രിയാ ശേഷികൾ വികസിപ്പിക്കുക,ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
*ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
* ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി വിനിയോഗിക്കുക.

## സാമൂഹികാവബോധം

* ജനാധിപത്യ വേദികൾ ഒരുക്കുക.
*സാമൂഹിക പ്രതിബദ്ധത വളർത്തിയെടുക്കുക
*ജനാധിപത്യ ജീവിത സംസ്ക്കാരം വളർത്തിയെടുക്കുക.
*ദിനാചരണങ്ങൾ ,ബോധവത്ക്കരണ പരിപാടികൾ ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

## ഗണിതം

* അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.

*ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.

*ഓരോ ക്ളാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക.

*ആധുനിക സാങ്കേതിക വിദ്യകൾ  ഗണിത പഠനത്തിനായി  വിനിയോഗിക്കുക.
*ഗണിതചിന്ത, യുക്തി ചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

## ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ

*വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
*അറിവു നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ  ഉപയോഗപ്പെടുത്തുക.
* മത്സര പരിശീലനങ്ങൾ നൽകുക.

## പ്രവൃത്തി പരിചയം

*നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
*പാഴ് വസ്തുക്കളിൽ നിന്ന് പ്രയോജനകരമായ ഉത്പ്പന്നങ്ങൾ, പഠനോപകരണങ്ങൾ  എന്നിവ നിർമ്മിക്കുക.

## ആരോഗ്യ -കായിക വിദ്യാഭ്യാസം

* എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കുക.

*ആരോഗ്യ ശീലങ്ങൾ വളർത്തുക.
*ഖൊ- ഖൊ പരിശീലനം
* കരാട്ടേ പരിശീലനം

# മേഖല

## യു പി  വിഭാഗം

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1.ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും, പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക | എന്റെ അവധിക്കാലം- പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. വാക്കുകളിൽ നിന്നും വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ<br>ജൂലൈ | മലയാളം അധ്യാപിക<br>മലയാളം അധ്യാപിക | |
| പഠിതാക്കളുടെ കലാ വാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽകാഴ്ച്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂളിൽ പൊതുപരിപാടികളിൽ അവതരിപ്പിക്കുന്നു. | ആവശ്യാനുസരണം | ക്ലാസ് ലീഡർ,<br>മലയാളം അധ്യാപിക | മലയാളം ക്ലബ് |
| ഭാഷയുടെ അടിസ്ഥാന ശേഷി വികസനം | ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ചു വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി | ജൂൺ | മലയാളം അധ്യാപിക | പി ടി എ |

| | | | | |
|---|---|---|---|---|
| | ,ആസ്വാദനം എന്നിവ നടത്തുന്നു. | | | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | വാർത്താ വായന നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു.അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ് സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു | പ്രതിമാസം | മലയാളം അധ്യാപിക | മലയാളം ക്ലബ് |
| സാഹിത്യകൃതികളോടും സാഹിത്യകാരൻമാരോടുംഅനുകൂല മനോഭാവം വളർത്തുക. | മികച്ച സാഹിത്യസൃഷ്ട്ടികളുടെ ആസ്വാദന കുറിപ്പുകൾ ,ദൃശ്യാവിഷ്കാരങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു | 2 മാസം കൂടുമ്പോൾ | ക്ലാസ് ലീഡർ, മലയാളം അധ്യാപിക | |

# ഇംഗ്ളീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ളീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | **LEND YOUR EAR-** ലളിതവും രസകരവുമായി ഇംഗ്ളീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു.ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ളീഷ് അധ്യാപകർ |
| | **FOLLOW ME IF YOU CAN** ഇംഗ്ളീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ളീഷ് അധ്യാപകർ |
| | **TREASURE HUNT-**വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു.ഓരോ അറകൾക്കും നമ്പർ | ആഗസ്റ്റ് | ഇംഗ്ളീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു.വസ്തു ഏതെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | | |
| | **ONE MAN SHOW** ആശയം നൽകി ഇംഗ്ളീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | സെപ്റ്റംബർ | ഇംഗ്ളീഷ് അധ്യാപകർ |
| ഭാവനാത്മകമായ വായന പരിശീലിപ്പിക്കുന്നു | **I TOO CAN-** വ്യത്യസ്ത തലങ്ങളിലായി വിവിധ വായനാകാർഡുകൾ ക്രമീകരിക്കുന്നു.തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു **FM CORNER-** വ്യത്യസ്തമായ കഥകൾ റേഡിയോ ഡ്രാമാ രൂപത്തിൽ റെക്കോഡ് ചെയ്ത് അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ഒക്ടോബർ നവംബർ | ഇംഗ്ളീഷ് അധ്യാപകർ |
| തെറ്റ് കൂടാതെ ഇംഗ്ളീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | **ALERT ZONE-** സൂചനാ ബോർഡുകൾ,പോസ്റ്ററുകൾ,നോട്ടീസുകൾ എന്നിവ സ്കൂൾ | വർഷാവസാനം | ഇംഗ്ളീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | കോമ്പൗണ്ടിലും ക്ളാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു.<br>**FUN TIME FUNDA**<br>കടംകഥകൾ,കുസൃതി ചോദ്യങ്ങൾ,ഫലിതങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |
| | **THE GRAND CAMP-5,6,7** ക്ളാസുകളിലെ കുട്ടികൾക്കായി ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. കഥപറയൽ,കഥ എഴുത്ത്,റോൾപ്ളേ, കവിത,പ്രസംഗം തുടങ്ങിയവ അവതരണം | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ |

# ഹിന്ദി

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| സരൾ ഹിന്ദി | ഹിന്ദി എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | അക്ഷര പഠനം,ICT സഹായത്താൽ ഉച്ചാരണം പഠിക്കുക, അക്ഷരമാലാ ചാർട്ട് തയ്യാറാക്കുക. | അധ്യയന വർഷം | ഹിന്ദി അധ്യാപിക<br><br>റിസോഴ്സ് ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| | | വാക്കുകളും അർത്ഥവും ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുക. നിഘണ്ടു നിർമ്മാണം | | |
| മീഠീ ഹിന്ദി | ഹിന്ദി ഭാഷ ആശയം സ്വായത്തമാക്കി ഭാഷ പ്രയോഗിക്കാൻ പ്രാപ്തരാക്കുക | ICT സഹായത്താൽ ഹിന്ദി കഥ ,കവിത, പ്രഭാഷണങ്ങൾ കേൾപ്പിക്കുക.ലഘു കവിതകളും കഥകളും ചിത്രങ്ങളും തയ്യാറാക്കാൻ അവസരം ലഭ്യമാക്കുക | അധ്യയന വർഷം | ഹിന്ദി അധ്യാപിക<br><br>റിസോഴ്സ് ടീച്ചേഴ്സ് |
| നവ ജ്യോതിസ് | ഭാഷാഭിരുചി മുഴുവൻ കുട്ടികളിലും എത്തിക്കുക | ഹിന്ദി അസംബ്ളി. കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക, സ്പോക്കൺ ഹിന്ദി ക്ളാസ് | അധ്യയന വർഷം | ഹിന്ദി അധ്യാപിക<br><br>റിസോഴ്സ് ടീച്ചേഴ്സ് |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രത്തെ ജീവിത സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുക. ജൈവ വൈവിധ്യം സംരക്ഷിക്കുക | ശലഭോദ്യാനം<br><br>പച്ചക്കറിത്തോട്ടം<br><br>ഹരിതഡയറി തയ്യാറാക്കൽ | അക്കാദമിക വർഷം<br><br>ഓഗസ്റ്റ് മുതൽ | ശാസ്ത്രാധ്യാപിക<br>സയൻസ് ക്ളബ്<br>ക്ളാസ് 7 | പി ടി എ |
| ശാസ്ത്ര | പരീക്ഷണക്കളരി | ജൂലൈ | VI VII ക്ളാസ് | |

| | | | | |
|---|---|---|---|---|
| പ്രക്രിയാശേഷി<br><br>വളർത്തുക. | പരീക്ഷണ പുസ്തകം<br><br>ലഘുപ്രൊജക്റ്റ് | മുതൽ<br><br>ജൂലൈ മുതൽ<br><br>ജൂൺ മുതൽ | VII ക്ളാസ്<br><br>V VI ക്ളാസ് | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | ICT സഹായത്താൽ ശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം , നൂതനാശയങ്ങൾ , ശാസ്ത്ര കൗതുകങ്ങൾ എന്നിവയുടെ വീഡിയോ പ്രദർശനം | ജൂലൈ മുതൽ | അധ്യാപിക<br><br>IT ക്ളബ് | |
| ചുറ്റുപാടുകളിൽ നിന്ന് ശാസ്ത്രത്തെ മനസിലാക്കുക | ഫീൽഡ് ട്രിപ് | ഡിസംബർ മാസം | അധ്യാപകർ | മാതാപിതാക്കൾ |

# സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ,ആശയങ്ങൾ | കളിയിൽ നിന്ന് കാര്യത്തിലേക്ക് -<br><br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന തല അറിവ് പരീക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും | ജൂൺ | അധ്യാപിക |

| | | | |
|---|---|---|---|
| | നൽകുന്നു.<br>ഓർമ്മച്ചെപ്പ്<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെ ഉള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ , വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് MEMMORY TEST നടത്തുന്നു | | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | |
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക | വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്-ഗ്രാമസഭ ,വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക |
| പ്രകൃതി | ഭൂകമ്പം ,സുനാമി, | അക്കാദമിക വർഷം | അധ്യാപിക |

| | | | |
|---|---|---|---|
| ദുരന്തങ്ങളെക്കുറിച്ച് മനസിലാക്കി രക്ഷാ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാൻമാരാക്കുന്നു | കൊടുങ്കാറ്റ്,വെള്ളപ്പൊക്കം ഉരുൾപ്പൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഡെമോൺസ്ട്രേഷൻ ക്ളാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാൻമാരാക്കുകയും ചെയ്യുന്നു. | | |
| സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉയർന്ന നിലവാരത്തിൽ എത്തിക്കുന്നു. | പുതുചക്രവാളത്തിലേയ്ക്ക് -ഉയർന്ന മത്സര പരീക്ഷകൾ എഴുതാൻ പ്രാപ്തി നേടും വിധം അറിവിന്റെ മാസ്മരിക ലോകം സൃഷ്ട്ടിക്കുന്നു.മത്സര ബുദ്ധിയോടെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര വേളകൾ ,ക്ളാസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപിക |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കു ം ഉറപ്പ് വരുത്തുന്നു | ഗണിത കളികൾ കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ നൽകുന്നു (റേഷൻ കാർഡ്,ഫ്ളാഷ് കാർഡ്) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികസനവും | രൂപങ്ങളുടെ നിർമ്മാണം വിവിധ ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.അവയ ുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | പി. ടി, എ |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടു ത്തുന്നു | **IT** സാധ്യതകൾ - ജ്യാമിതീയ രൂപങ്ങൾ ,ചതുഷ് ക്രിയ ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ IT സാധ്യതകൾ ഉപയോഗപ്പെടുത്തി ക്കൊണ്ട് കുട്ടികളിലേയ്ക്ക് | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| | എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | | | |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾ ക്കും ഉറപ്പ് വരുത്തുന്നു. | ഗണിത കളികൾ- കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പാക്കുന്നതിനു ള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ - ജൂലൈ | ഗണിത അധ്യാപിക | |
| ഗണിത പ്രവർത്തനങ്ങ ൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ .ലാ ബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനു സരണം | ഗണിത അധ്യാപിക | പി ടി എ |
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെ ത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തൽ ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങ ൾ നൽകുന്നു.പോരാ യ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപിക | |
| ഗണിതത്തിൽ പിന്നോക്കം | ഗണിതക്കളരി - മോഡൽ | അക്കാദമിക വർഷം | ഗണിതാധ്യാപിക | |

| | | | | |
|---|---|---|---|---|
| നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | നിർമ്മാണം മോഡൽ നിർമ്മാണം ,ഗണി താശയാവതരണം ഒറിഗാമി രൂപങ്ങൾ നിർമ്മിച്ച് ഗണിതചുമര് തയ്യാറാക്കൽ | | ക്ളാസ് 7 | |

# മേഖല
# ഹൈസ്കൂൾ

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 പ്രീ ടെസ്റ്റ്<br>2 അക്ഷരം ഉറപ്പിക്കൽ<br>3 ചിഹ്നം ഉറപ്പിക്കൽ<br>4 അക്ഷരത്തിൽ നിന്ന് വാക്കിലേക്ക്<br>5 വാക്കിൽ നിന്ന് വാക്യത്തിലേക്ക്<br>6 വാക്യ നിർമ്മാണം<br>7 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | ജൂൺ- ജൂലൈ | പുസ്തകങ്ങൾ ,മറ്റ് മാസികകൾ | അധ്യാപകർ<br>പി.ടി. എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1 ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ,<br>2 സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3 വായനോത്സവം സംഘടിപ്പിക്കൽ<br>4 പുസ്തകവായന<br>5 പുസ്തകചർച്ച<br>6 വായനക്കുറിപ്പ് -പതിപ്പ്<br>7 വിദ്യാരംഗം കലാ സാഹിത്യവേദി<br>8 ദിനാചരണം<br>9 സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>10 ആസ്വാദ്യകരമാ | ആഗസ്റ്റ്- നവംബർ | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലികങ്ങൾ, ഇന്റർനെറ്റ് | അധ്യാപകർ<br>പി.ടി. എ |

| | | | | |
|---|---|---|---|---|
| | യ വായന<br>11 ഇ- വായന | | | |
| കുട്ടിയെ മികച്ച എഴുത്തു-കാരനാക്കുക | 1 എഴുത്തുക്കൂട്ടം രൂപീകരണം<br>2 പുസ്തക ചർച്ച<br>3 വായനക്കുറിപ്പ് പതിപ്പ്<br>4 വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5.ചുമർ പത്രിക<br>6.കൈയ്യെഴുത്ത് മാസിക<br>7 വ്യക്തിഗത രചന<br>8 ഭാഷാപ്രൊജക്ട് | നവംബർ-ഫെബ്രുവരി | ലൈബ്രറി പുസ്തകങ്ങൾ | അധ്യാപകർ പി.ടി. എ |
| സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1 വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക<br>2 മികച്ച രീതിയിൽ പരിശീലനം നൽകുന്നു<br>3 മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4 കുട്ടികളെ ആത്മവിശ്വാസമുള്ളവരാക്കി സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുന്നു | ജൂലൈ-ഡിസംബർ | ഓഡിയോ-വീഡിയോ | അധ്യാപകർ പി.ടി. എ |
| മധുരം മലയാളം 8,9,10 | 8,9,10, ക്ളാസുകളിലെ കുട്ടികൾക്ക് മധുരിക്കുന്ന | ജൂൺ-ഫെബ്രുവരി | ആസ്വാദനക്കുറിപ്പുകൾ കവർപേജ് നിർമ്മാണം | അധ്യാപകർ |

| | | | | |
|---|---|---|---|---|
| | അനുഭവമായി ഭാഷാ ക്ളാസിനെ മാറ്റുക | | പതിപ്പുകൾ ശേഖരങ്ങൾ വിവരണാത്മക കുറിപ്പുകൾ കൈയ്യഴുത്ത് മാസിക ഡിജിറ്റൽ മാസിക | |

# ഇംഗ്ളീഷ്

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| HELLO ENGLISH | TO SPEAK READ&WRITE ENGLISH WITHOUT ANY MISTAKES | >GAMES,Action songs,hello english activites >Identify the action words from the sample picturs > Making simple sentences using action word and naming words about the picture >word chain ,sentence chain | One year | English teacher Resourse teacher |
| Bingo | To master grammer and to write sentence in correct tense | > make simple sentence at first and then growing sentence on given topics >News paper reading library books reading and reading breaking news >textbook activites >Develop story | One year | English teacher Resource teacher |
| Creative english | To strengthen the english knowledge in students | >Making riddles ,conversati on | One year | English teacher Resource teacher |

| | | | | |
|---|---|---|---|---|
| | | >english assembly<br>>News paper reading<br>>English quiz classroom post office,articles etc<br>>self introduction<br>>ICT Classes | | |

# ഹിന്ദി

| പദ്ധതി | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല |
|---|---|---|---|---|
| സരൾ ഹിന്ദി | അക്ഷര പരിജ്ഞാനമില്ലാത്ത കുട്ടികളെ എഴുതാനും വായിക്കാനും പ്രാപ്തരാക്കുക | അക്ഷരമാല ചാർട്ട് തയ്യാറാക്കുക .വാക്കുകളും അർത്ഥവും ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുക .നിഘണ്ടു നിർമ്മാണം | ജൂൺ-ആഗസ്റ്റ് | ഹിന്ദി അധ്യാപിക. |
| | | | | |
| മീഠീ ഹിന്ദി | ഹിന്ദി ഭാഷാ-ആശയം സ്വായത്തമാക്കി ഭാഷ പ്രയോഗിക്കാൻ പ്രാപ്തരാക്കുക | ICT സഹായത്താൽ ഹിന്ദി കഥ, കവിത പ്രഭാഷണങ്ങൾ കേൾപ്പിക്കുക. ലഘു കവിതകളും കഥകളും തയ്യാറാക്കാൻ അവസരം ലഭ്യമാക്കുക .പുസ്തക | ഒരു വർഷം | ഹിന്ദി അധ്യാപിക. |

| | | | | |
|---|---|---|---|---|
| | | വായന | | |
| നവ -ജ്യോതിസ്സ് | ഭാഷാഭിരുചി മുഴുവൻ കുട്ടികളിലും എത്തിക്കുക | ഹിന്ദി അസംബ്ളി .കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക .സ്പോക്കൺ ഹിന്ദി .പാഠഭാഗവു -മായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരൻ മാരുടെ കഥകൾ ,സിനിമകൾ എന്നിവ കാണുവാനുള്ള അവസരം | ഒരു വർഷം | ഹിന്ദി അധ്യാപിക. |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധ മുള്ളവരാക്കുക .ചരിത്ര ബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തു ക | കാടും -മേടും. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനായി നടത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യശാ സ്ത്ര അധ്യാപകർ | |
| ജനാധിപത്യം ഒരു ജീവിതശൈലി യാക്കി മാറ്റി എടുക്കുക.പൗ രബോധം ,മൂല്യ ബോധം ഇവ | വയൽക്കിളികൾ- സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമാ യ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യശാ സ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസ്സുകൾ |

| | | | | |
|---|---|---|---|---|
| വളർത്തുക. | കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ് ,മോക്ക് പാർലമെന്റ് പൗരബോധം,സാമ ൂഹിക സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | | | |
| സാമൂഹിക ശാസ്ത്രത്തിൽ പരീക്ഷണങ്ങൾ നിരീക്ഷണങ്ങൾ വളർത്തുക | സ്റ്റാർട്ട് അപ്- സാമൂഹിക ശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ച്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നു. | വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര അധ്യാപകർ | പി ടി എ |
| മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക.സാമൂഹിക പരിഷ്ക്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വേ ,പ്രൊജക്ട്,ചർച്ചകൾ,സംവാദം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ഭൂപടവായന കുട്ടികളിൽ വളർത്തുക.സ്ഥല നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യബോധം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച്ച വയ്ക്കുന്നു. അറ്റ്ലസ് ,മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ളബ് |
| കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈ സിനിമ റൂം-സാമൂഹികശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസുകൾ, ദിനാചരണങ്ങൾ, സംവാദംഎന്നിവയെക്കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം, പ്രൊജക്ട് റൂം etc.ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| വ്യത്യസ്ത ഇനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ,സമു | ചരിത്ര കൊട്ടാരം-വിവിധ മേഖലകളെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ട്ടിക്കുന്ന | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| ദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക. | ചരിത്ര ലാബുകളുടെ ക്രമീകരണം . കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | | | |

# സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അത്ഭുത കണ്ണിലൂടെ | ലഘുപരീക്ഷണ ങ്ങൾ സഹപാഠികൾക്കു മുന്നിൽ കുട്ടികൾതന്നെ കാണിച്ചുകൊടു ക്കാൻ അവസരം നൽകുന്നു.മോഡ ലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടു ത്ത് കുട്ടികളെകൊണ്ട് മോഡൽ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | സയൻസ് അധ്യാപിക | പി ടി എ |
| ആയുർരേഖ പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തുക | കുട്ടികളുടെ ആരോഗ്യരേഖ സൂക്ഷിക്കുന്നു. തണൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കൽ ഔഷധത്തോട്ടവും | അക്കാദമിക വർഷം | സയൻസ് ക്ളബ് ആരോഗ്യ ക്ളബ് | കൃഷി വകുപ്പ് ഹരിതസേന സീഡ് |

| | | | | |
|---|---|---|---|---|
| | പച്ചക്കറിത്തോട്ടവു ം നിർമ്മിക്കൽ സമ്പൂർണ്ണ പ്ളാസ്റ്റിക് നിരോധിത ക്യാമ്പസ് | | | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | ഒപ്പത്തിനൊപ്പം- പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ .മാത്സ് ക്ളിനിക്ക് | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| നിർമ്മിതികളി ലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത, ശിൽപ്പശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് |
| ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളു ടെ പ്രാധാന്യം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന് | അധ്യാപകർ | പി ടി എ |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപ്പശാല നടത്തുന്നു.ക്ളബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന്. | അധ്യാപകർ, ഗണിത ക്ളബ് | പി ടി എ |

| | | | | |
|---|---|---|---|---|
| സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | അധ്യാപകർ സംഘത്തലവൻ | |
| അധ്യാപകർ കാലാനുസൃത-മായി ചെയ്ത് ചെറിയ ക്ളാസ് മുതലുള്ള തുടർപഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ മികച്ച പ്രവത്തനം ഇടപെടൽ ചർച്ചകൾ , പാഠാസൂത്രണം എന്നിവ കൂട്ടായ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം<br><br>തുടർ പ്രവർത്തനം | വിഷയ സമിതി കൺവീനർ മുതിർന്ന അധ്യാപകർ | |
| ഗണിത വിഷയത്തിന്<br><br>കുട്ടികളുടെ മികച്ച ഭാവനകൾ | ഗണിത ഗ്രാമം കുട്ടികൾ കൂടാതെ സമീപ പ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്നുള്ള കൂട്ടായ്മ | ശനിയാഴ്ചക-ളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | ഗണിത ക്ളബ് |
| ഗണിത മത്സരവേദിയിലേക്ക് - മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ളബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ളബ് സെക്രട്ടറി, അധ്യാപകർ , പി ടി.എ | പി ടി.എ |
| ഗണിത ലാബ് | ശിൽപ്പശാലക -ളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | മെയ്, ജൂൺ | ക്ളബ് സെക്രട്ടറി, അധ്യാപകർ , പി ടി.എ | പി ടി.എ |
| രക്ഷിതാക്കളെ ബോധവത്ക്ക | മാസത്തിൽ ഒരു പി ടി എ | എല്ലാ അധ്യാപകരും | അധ്യാപകർ, എച്ച്. എം | |
| | | | | |

| | | | | |
|---|---|---|---|---|
| -രിക്കൽ | നടത്തുന്ന ചുമതലകൾ നൽകുന്നു | | പി ടി എ പ്രസിഡന്റ് | |

# IT പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പഠന പ്രവർത്തന ങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതു വഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനു ള്ള കഴിവുകൾ നേടുന്നു | അക്കാദമിക വർഷം | അധ്യാപകർ | IT ക്ളബ് |
| പഠന വിഭവങ്ങൾ തയ്യാറാക്കുക. | ശിൽപ്പശാലകൾ | അക്കാദമിക വർഷം | അധ്യാപകർ | IT ക്ളബ് |
| ഓരോ കാലഘട്ടത്തിലു ം സാങ്കേതിക വിദ്യകൾ നൂതനമാക്കുന്ന തോടൊപ്പം ദുരുപയോഗം നടക്കുന്നു.ഇ ത്തരം ദുരുപയോഗങ്ങ ളെക്കുറിച്ച് വിദ്യാർത്ഥികളെ യും | സൈബർ ദുരുപയോഗങ്ങൾ ക്കെതിരെയുള്ള ബോധവത്ക്ക-രണം മാറി മാറി വരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ക്ളാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ | IT ക്ളബ് |

| | | | | |
|---|---|---|---|---|
| രക്ഷിതാക്കളെയും ബോധവത്ക്കരിക്കുക. | | | | |
| സ്മാർട്ട് ക്ലാസ് റൂം | വിഷയാധിഷ്ഠിതമായി ict ഉപയോഗിച്ച് കൊണ്ട് ക്ലാസ്റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | അധ്യാപകർ | |

# സർഗ വേദി

പേര് - സർഗവേദി
ഉപമേഖല -പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വളർത്തുക | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസിലും സർഗവേദി നടത്തൽ | അധ്യയന വർഷം | ക്ലാസ് ടീച്ചർ | |

# ടാലെന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഓരോകുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള | നൃത്തം,ആലാപനം, ചിത്രരചന,ക്രാഫ്റ്റ് വർക്ക്,പെയിന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് | എല്ലാ മാസത്തിലും | എസ് ആർ ജി പി ടി എ | |

| | | | | |
|---|---|---|---|---|
| പരിശീലന പരിപാടികൾ ഒരുക്കുക | പരീശീലനം | | | |

# പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാകുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ ചന്ദനത്തിരി,പാവ, ചോക്ക് ....... | സെപ്റ്റംബർ | ക്ളാസ് ടീച്ചർ | |
| | പേപ്പർ ബാഗ്, ക്ളോത്ത് ബാഗ് നിർമ്മാണം | ജൂൺ-മാർച്ച് | SSG | |
| പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ | ജൂലൈ | റിസോഴ്സ് പേഴ്സൺ | |

# ആരോഗ്യ – കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടു | സൂംബ ഫുട്ബോൾ കോച്ചിംഗ്<br><br>കരാട്ടേ | ജൂൺ- മാർച്ച് | എസ്.ആർ.ജി പി.ടി. എ | |

| | | | | |
|---|---|---|---|---|
| ത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നതിന് പ്രാപ്ത്തരാക്കുക | പരിശീലനം<br><br>ഖൊ- ഖൊ പരിശീലനം | | | |
| കായികാരോഗ്യ ക്ഷമത ഉറപ്പു വരുത്തുക | ഹെൽത്ത് ചെക്ക് അപ്പ് | ജൂൺ- മാർച്ച് | എസ്.ആർ.ജി പി.ടി. എ | |

# ഉപസംഹാരം

മികച്ചതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് ഈ സമഗ്ര വിദ്യാലയ വികസന രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. "അക്കാദമിക മികവാണ് വിദ്യാലയ മികവ് " എന്ന ലക്ഷ്യം മുൻനിർത്തി ഈ പ്രവർത്തനങ്ങൾ വരും നാളുകളിൽ സ്കൂളിൽ നടപ്പാക്കും.നാട്യങ്ങൾ ഏതുമില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനും കൂടുതൽ സമ്പന്നമാക്കുന്നതിനും ഈ വികസന രേഖ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

** ********** ********